വൈദ്യുതി വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന നടപടി

2 (*669) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണം സ്വകാര്യ കമ്പനികൾക്ക് കൊടുക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) വൈദ്യുതി വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതു കൊണ്ട് പ്രസരണ നഷ്ടം കാര്യമായി ഒഴിവാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ;

(സി) ഇപ്പോൾ വൈദ്യുതി വിതരണത്തിന് എത്ര ലൈസൻസികളുണ്ട് എന്നും അവർ വിതരണം നടത്തുന്നിടത്ത് വൈദ്യുതി നഷ്ടം എത്രയാണ് എന്നും വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല.

(സി) സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതി വിതരണരംഗത്ത് അഞ്ചു ലൈസൻസികളാണുള്ളത്.

1. റ്റാറ്റാ റ്റീ ലിമിറ്റഡ്, മൂന്നാർ
2. കൊച്ചിൻ ഷിപ്പ് യാർഡ്
3. കൊച്ചിൻ പോർട്ട് ട്രസ്റ്റ്
4. തൃശ്ശൂർ കോർപ്പറേഷൻ
5. ടെക്നോപാർക്ക്, തിരുവനന്തപുരം,

ഇവ കൂടാതെ കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് (കാക്കനാട്), റബ്ബർ പാർക്ക് (ഇരിമ്പനം) എന്നീ സ്ഥാപനങ്ങൾക്കും അടുത്ത കാലത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസുകളിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് അവർ വിതരണം നടത്തുന്നിടത്ത് വൈദ്യുതി നഷ്ടം താഴെപ്പറയുംപ്രകാരമാണ് :

LIBRARY ARCHIVES Kerala Legislative Assembly

1. റ്റാറ്റാ റ്റീ ലിമിറ്റഡ്, മൂന്നാർ- 20.77 ശതമാനം.

2. തൃശ്ശൂർ കോർപ്പറേഷൻ- 32.79 ശതമാനം.

3. ടെക്നോപാർക്ക്, തിരുവനന്തപുരം -8 ശതമാനം

ടെക്നോപാർക്ക് വൈദ്യുതി വിതരണം നടത്തുന്നത് ടീ പാർക്കിന്റെ ചെറിയ വിസ്തൃതിക്കുള്ളിലുള്ള വ്യവസായിക യൂണിറ്റുകൾക്ക് മാത്രമാണ്. പ്രത്യേക മീറ്റർ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ കൊച്ചിൻ ഷിപ്പയാർഡിലേയും കൊച്ചിൻ പോർട്ട് ട്രസ്റ്റിലേയും വൈദ്യുതി നഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ 2003-ലെ ബിൽ പ്രകാരം, ഉൽപ്പാദനം. പ്രസരണം, വിതരണം ഇവ മൂന്നു മേഖലയായി തിരിക്കാൻ പോകുകയാണ്. ആ മൂന്നു മേഖലകളും പൊതുമേഖലയിൽ തന്നെയാകുമോ അതോ കമ്പനികൾ ആകുമോ ? കമ്പനികളായാൽ ഇതര ലൈസൻസികളുമായി മൽസരിക്കാൻ ആവശ്യമായ പ്രാപ്തി എങ്ങനെ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നു ?

ശ്രീ. കടവൂർ ശിവദാസൻ : സർ, 2003-ലെ ഇലക്ട്രിസിറ്റി ആക്ടനുസരിച്ച് ഇത് ഇപ്പോൾ ആർക്കെങ്കിലും കൊടുക്കുന്നതിന് അങ്ങനെയുള്ള അധികാരമൊന്നുമില്ല. ഇലക്ട്രിസിറ്റി ബോർഡിന് ഒരു വർഷംവരെ ബോർഡായി തുടരാനുള്ള പ്രത്യേക അനുവാദം അതിൽ നൽകിയിട്ടുണ്ട്. അങ്ങനെ നടക്കുമ്പോൾ പ്രസരണത്തിന്റേയും ഡിസ്ട്രിബ്യൂഷന്റേയും ലൈസൻസായിരിക്കും. ഒരു വർഷത്തിനകം ഇലക്ട്രിസിറ്റി ബോർഡിന്റെ സ്വത്തുക്കൾ എല്ലാം ഗവൺമെന്റിൽ വെസ്റ്റ് ചെയ്യണം. ഇങ്ങനെ വെസ്റ്റ് ചെയ്യുന്നതിന് ട്രാൻസ്ഫർ സ്കീം തയ്യാറാക്കണം. ട്രാൻസ്ഫസർ സ്കീമിൽ പറയുന്ന ഡേറ്റിൽത്തന്നെ ഇതെല്ലാം ഗവൺമെന്റിൽ വെസ്റ്റ് ചെയ്യണം. ഇങ്ങനെ ഒരിക്കൽ വെസ്റ്റ് ചെയ്ത് കഴിഞ്ഞാൽ ഗവൺമെന്റ് പൊതുമേഖലയിൽ കമ്പനിയുണ്ടാക്കി അതിലേക്ക് കൊടുക്കും. അതല്ലെങ്കിൽ അല്ലാത്ത കമ്പനികൾക്ക് കൊടുക്കും. വേണമെങ്കിൽ വിൽക്കുന്ന ഒരു പരിതസ്ഥിതി വന്നാൽ അതിന്റെ വിൽപ്പനയിൽനിന്നും കിട്ടുന്ന പ്രതിഫലം ചെലവഴിക്കേണ്ടത് എങ്ങനെയെന്ന് അതിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെ വരുന്നതോടുകൂടി ആളുകളെല്ലാംകൂടി മൽസരിച്ച്, ബോർഡ് കമ്പനിയാക്കി നിർത്തിയാൽ അതിലെ വ്യവസ്ഥയനുസരിച്ച് ക്വാളിഫൈഡായിട്ടുള്ള ആളുകൾക്ക്, ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായിട്ടും ട്രാൻസ്ഫർ ലൈസൻസിയായിട്ടും അപേക്ഷിച്ചാൽ കൊടുക്കണം. അതിനാണ് റെഗുലേറ്ററി കമ്മിഷനെ വച്ചിരിക്കുന്നത്. ആ ജനറേഷന് കമ്പനി നടത്താം. ശരിയായ രീതിയിലുള്ള ഒരു മൽസരം അവിടെയുണ്ട്. അവിടെയൊന്നും ഇനി ഒരു കൊല്ലം കഴിഞ്ഞാൽ ബോർഡിന് ഒരു പ്രൊട്ടക്ഷനുമുണ്ടാകില്ല. താരിഫിനുവേണ്ടി ബോർഡിനും ഇവർക്കുമെല്ലാം അപേക്ഷിക്കാം. മാക്സിമം താരിഫ് റെഗുലേറ്ററി കമ്മിഷൻ നിശ്ചയിക്കും. അതിന് താഴെയുള്ള താരിഫിന് വിൽക്കാൻ ചില കമ്പനികൾ തയ്യാറായാൽ അതിന് അനുവദിക്കപ്പെടും. അതുമായി മൽസരിക്കണമെങ്കിൽ ബോർഡിൽ വലിയ മാറ്റങ്ങളൊക്കെ വരേണ്ടിവരും. ബോർഡിലെ ഓരോ തൊഴിലാളിയുടേയും ഓഫീസറുടെയും ഉൽപാദനശേഷി

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യമേഖലയുടേതുമായി ഉയരേണ്ടിവരും: അതുപോലെതന്നെ കടബാദ്ധ്യത. അത് എങ്ങനെ പരിഹരിക്കാം എങ്ങനെ competative ആകാം എന്നുള്ളതിനെപ്പറ്റി തൊഴിലാളികളും, ഓഫീസർമാരും രാഷ്ട്രീയക്കാരും ഗവൺമെന്റും ബന്ധപ്പെട്ട എല്ലാപേരുംകൂടി ഉണ്ടാക്കുന്ന ആത്മാർത്ഥമായ ഒരു Concensses കൊണ്ടു മാത്രമേ സ്വകാര്യമേഖലയുമായി മൽസരിച്ചു നിൽക്കാൻ ഒക്കുകയുള്ളൂ.

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ</u> : സർ, സർക്കാർ ഏറ്റെടുക്കും അല്ലെങ്കിൽ സർക്കാർ സ്ഥാപനമാക്കുമെന്ന് ഇവിടെ സൂചിപ്പിച്ചു. അപ്പോൾ ഉണ്ടാകുന്ന ശമ്പള വ്യവസ്ഥ സർക്കാരിന്റെ ഇതര സ്ഥാപനങ്ങളുടേതുപോലെയാകുമോ ; അതിന് കണ്ടെത്തുന്ന മാനദണ്ഡം എന്തായിരിക്കും ; നിലവിലുള്ള സർപ്ലസ് ജീവനക്കാരെ എങ്ങനെ പുനരധിവസിപ്പിക്കും; നിലവിലുള്ള പെൻഷൻ സംവിധാനം എങ്ങനെ പ്രാവർത്തികമാക്കും ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> ഇത് സർക്കാർ ഏറ്റെടുക്കുമെന്നാണ് എന്റെ ഉത്തരത്തിൽനിന്ന് അങ്ങ് മനസ്സിലാക്കിയതെങ്കിൽ അത് ശരിയല്ല. ഈ ആക്ടിൽ പ്രത്യേകം പറയുന്ന All the assets and liabilities on the rights..... ഇതെല്ലാം ഗവൺമെന്റിൽ വെസ്റ്റ് ചെയ്യും. കമ്പനി ആക്ടനുസരിച്ച് ഗവൺമെന്റിന് ഷെയറുള്ള കമ്പനിയുണ്ടാക്കി വേണമെങ്കിൽ അങ്ങോട്ട് കൊടുക്കാം. അല്ല സ്വകാര്യ കമ്പനികൾക്ക് കൊടുക്കണമെങ്കിൽ അങ്ങനെ കൊടുക്കാം. അതിന്റെ പ്രവർത്തനത്തിലൊന്നും മാറ്റം വരുന്നില്ല. കമ്പനി ആക്ടനുസരിച്ച് ലാഭനഷ്ടത്തിന്റേയും ഓഡിറ്റിന്റേയും അടിസ്ഥാനത്തിൽ അവർക്ക് പ്രവർത്തിക്കേണ്ടിവരും എന്നുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് തയ്യാറാകുക. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശങ്ങൾക്ക് ന്യൂനത വരാതെ നമുക്ക് അപ്പോൾ നോക്കാം. കമ്പനിയിൽ ട്രാൻസ്ഫർ ചെയ്യുന്ന സമയത്ത് കമ്പനിയിലെ തൊഴിലാളികളുടെ കാര്യവും, എല്ലാ കമ്പനികളിലും നടക്കുന്നത് പോലെ അവിടെയും ഉണ്ടാകും. ആ സമയത്ത് അവകാശ ന്യൂനത ഉണ്ടാകില്ല. പെൻഷനെ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം, പൊതുവായി അവകാശത്തിന് ന്യൂനത ഉണ്ടാകാതിരിക്കാനുള്ള വ്യവസ്ഥയോടുകൂടി കൊടുക്കാം. അത് നടത്താൻ കഴിയുമോ എന്നുള്ളത് കമ്പനിയുടെ ഭാവിയിലുള്ള പ്രവർത്തനത്തേയും ലാഭത്തേയും അതിന്റെ കഴിവിനേയും ആശ്രയിച്ചിരിക്കും.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ ഉത്തരത്തിൽ പറഞ്ഞത് ഈ ആക്ട് നടപ്പിലാക്കുന്നതിന് ഒരു വർഷത്തെ സാവകാശം ലഭിച്ചിട്ടുണ്ട് എന്നാണ്. ഈ ആക്ട് നടപ്പിലാക്കുമ്പോൾ സ്വകാര്യ കമ്പനികൾക്ക് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള ലൈസൻസിനുവേണ്ടി, വിതരണ ലൈസൻസിന് പരമാവധി താരിഫ് നിശ്ചയിക്കാനുള്ള അധികാരം റഗുലേറ്ററി കമ്മിഷനാണെന്ന് ഇവിടെ പറയുകയുണ്ടായി. ഈ അവസ്ഥയിൽ സ്വകാര്യ കമ്പനികളുമായി മൽസരിച്ച് ഗവൺമെന്റ് കമ്പനികൾക്ക് ലാഭകരമായി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കാൻ കഴിയുമോ; ഉണ്ടെങ്കിൽ ഗവൺമെന്റ് കമ്പനികൾ ലാഭകരമായി പ്രവർത്തിക്കുന്നത് സംബന്ധിച്ച്, ഒരു കൊല്ലം മാത്രമേ കാലാവധിയുള്ളൂ ; ഇത് സംബന്ധിച്ച് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ: ബോർഡിനെ സംബന്ധിച്ചിടത്തോളം ഇനി വരാൻ പോകുന്നത് ലാഭകരമായ..... അതിനെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിൽ അർത്ഥമൊന്നുമില്ല. ബോർഡ് ഇതുപോലെ പ്രവർത്തിക്കും. ഇതിനുള്ളിൽ ഗവൺമെന്റ് ഒരു ട്രാൻസ്ഫർ സ്കീമുണ്ടാക്കി. The rights, liabilities and assets of this Board will be vested with the Government അത് കഴിഞ്ഞിട്ട് കൊടുക്കുന്ന കാര്യമേയുള്ളൂ. സ്കീമിനെക്കുറിച്ച് ആലോചിച്ചിട്ട് വല്ല കാര്യവുമുണ്ടോ ? ഗവൺമെന്റ് ഇങ്ങനെ ചെയ്യുമ്പോൾ ഗവൺമെന്റിന് നിശ്ചയമായും പരോക്ഷമായ സാദ്ധ്യതകളുണ്ട്. കുഴപ്പമൊന്നുമില്ലാത്ത കമ്പനിയെ ഏൽപ്പിക്കും. അപ്പോൾ ആരാണ് ഉണ്ടാകുക ? തൊഴിലാളികൾ, ഓഫീസർമാർ, യൂണിയനുകൾ, ഉപഭോക്താക്കൾ എല്ലാപേരുംകൂടി സഹകരിച്ച് സ്വകാര്യമേഖലയുമായി മൽസരിച്ച് മാതൃകാപരമായി ഇന്ത്യയിൽ ഈ ബോർഡ് പ്രവർത്തിക്കാൻ കഴിയുമെന്ന് നിശ്ചയിച്ചാൽ തീർച്ചയായും അതിന് നിൽക്കാൻ കഴിയും. 'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം'. 'വെന്ത പുരയ്ക്ക് ഊരിയ കഴുക്കോൽ' എന്ന് ഓരോരുത്തരും ഭാവിക്കുകയാണെങ്കിൽ ഇത് നിൽക്കാൻ പ്രയാസമാണ്. അർപ്പണബോധത്തോടുകൂടി ഗവൺമെന്റ് നിയമവ്യവസ്ഥയിൽ പുതുതായി വന്നിരിക്കുന്ന ഒരു ചലഞ്ചാണ്. രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം നിലനിറുത്തണോ ? 'വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും'. അതിന് മുൻകൈ എടുക്കാനും ഇവരെ വിളിച്ചുകൂട്ടാനും ഇക്കാര്യത്തിൽ വേണ്ട സഹായം ചെയ്യാനും ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഈ വർഷം വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കേണ്ടതില്ല എന്നാണ് ഗവൺമെന്റ് റഗുലേറ്ററി കമ്മീഷനോട് ശുപാർശ ചെയ്തിട്ടുള്ളത് എന്നാണ് അറിയാൻ കഴിഞ്ഞത്. സർക്കാരിൽനിന്നും കിട്ടേണ്ട പണം വാങ്ങി കമ്മി നികത്താം എന്ന ധാരണയിൽ നിരക്ക് കൂട്ടേണ്ടതില്ല എന്ന് നിശ്ചയിച്ചതായി ബോദ്ധ്യമാകുന്നു. റഗുലേറ്ററി കമ്മിഷൻ അതേപടി സ്വീകരിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും അനന്തര നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ; ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ: ഇത് ബോർഡിന്റെ പോളിസി ക്വസ്റ്റ്യൻ മാത്രമാണ്. കണക്കുകൾ കൊടുത്താൽ ഞങ്ങൾ കൊടുക്കുന്ന സ്റ്റേറ്റ്മെന്റിൽ ഈ രാജ്യത്തെ എല്ലാപേരുടേയും ഒബ്ജക്ഷൻ call for ചെയ്യാം. കാൾ ഫോർ ചെയ്തിട്ട് ഇത് കൂട്ടണമോ കൂട്ടണ്ടായോ ; കൂട്ടാതെ ഇത് നിലനിറുത്താൻ കഴിയുമോ ഇത്തരം കാര്യങ്ങളിലെല്ലാം അന്തിമ തീരുമാനമെടുക്കാനുള്ള പരമാധികാരം റഗുലേറ്ററി കമ്മിഷനാണ്. ഗവൺമെന്റ് കൂട്ടേണ്ട എന്ന് പറയുന്നതുകൊണ്ടുമാത്രം അവർ അപ്രകാരം ഒരു തീരുമാനമെടുത്തു കൊള്ളണമെന്നില്ല. അതൊരു സ്വതന്ത്ര പരമാധികാര റഗുലേറ്ററി കമ്മിഷനാണ്. ബോർഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ എന്ത് തീരുമാനമെടുക്കാനും അവർക്ക് അവകാശമുണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ : സർ, കേരളത്തിലെ വൈദ്യുത വിതരണത്തിന്റെ ഏറിയ കൂറും കേരള വൈദ്യുത ബോർഡിനും ഏതാനും ലൈസൻസികൾക്കുമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. അതിൽ പറയാത്ത ഒരു കാര്യംകൂടിയുണ്ട്. പറമ്പിക്കുളം കേരളത്തിലാണെങ്കിലും തമിഴ്നാടാണ് അവിടത്തെ വൈദ്യുതവിതരണവും നിയന്ത്രണവും നടത്തിക്കൊണ്ടിരിക്കുന്നത്. അവരിൽനിന്നും ആദിവാസികൾക്കുപോലും യഥാസമയം വൈദ്യുതി ലഭിക്കാത്ത ഒരു സ്ഥിതിയുണ്ട്. വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് അവിടെ വൈദ്യുതി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിൽ നിന്നുതന്നെ കേരള ഇലക്ട്രിസിറ്റി ബോർഡല്ല അവിടെ ഇത് നടത്തുന്നതെന്നും ഏതോ ഒരു എഗ്രിമെന്റിന്റെ ഭാഗമായിട്ടാണ് അവിടെ നടത്തുന്നതെന്നും വ്യക്തമാകുന്നുണ്ട്. അത് ഗവൺമെന്റും ഗവൺമെന്റും തമ്മിൽ ടേക്കപ് ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെപ്പറ്റി അന്വേഷിക്കാം. അത് ടേക്കപ് ചെയ്യേണ്ടതാണെങ്കിൽ നോക്കാം.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, വൈദ്യുത പ്രസരണനഷ്ടം പോലെതന്നെയാണ് വൈദ്യുത മോഷണവും. പല വൻ വ്യവസായങ്ങളും ഈ രീതിയിൽ ചൂഷണം ചെയ്യുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ഇരുമ്പുരുക്ക് വ്യവസായ മേഖല. അവിടെ ഉപയോഗിക്കുന്ന വൈദ്യുതി മീറ്റർ റീഡിംഗിൽ വരുവാനും അത് നിയന്ത്രിക്കാനും ആവശ്യമായ നടപടികൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മോഷണം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം തന്നെയാണ്. ഞാൻ നേരത്തെ പറഞ്ഞ ഉത്തരത്തിൽ ജനങ്ങളുടേയും ബോർഡ് ഉദ്യോഗസ്ഥരുടേയും സഹകരണം വേണമെന്ന് പറഞ്ഞതിന്റെ പ്രധാനപ്പെട്ട കാര്യം അതാണ്. ഈ രീതിയിൽ പൊതുമേഖലാസ്ഥാപനങ്ങളും എല്ലാപേരുംകൂടി മോഷ്ടിച്ച് എടുക്കാനാണുദ്ദേശമെങ്കിൽ, 70-80 ലക്ഷം കണക്ഷനുള്ളതാണ്. 550 സെക്ഷനുള്ളതിൽ ഈയിടെ വിജിലൻസ് പരിശോധിച്ച 140 സെക്ഷനിൽ 150 കേസുകളാണ് എടത്തിട്ടുള്ളത്. ശരാശരി ഇങ്ങനെ കേസെടുക്കുകയാണെങ്കിൽ 2000 മോഷണക്കേസുകൾ ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി നടക്കുന്നുണ്ടെന്ന് അനുമാനിക്കേണ്ടിവരും. ഇത് നമ്മുടെ വകയാണ് അങ്ങനെയൊന്നും പാടില്ല എന്ന ഒരു ബോധം എല്ലാപേർക്കും ഉണ്ടാകണം. ഇത് പൊതുമേഖലയിൽ നിൽക്കണമെന്ന അവബോധം എല്ലാപേർക്കും വന്നാൽ ഇത് നിൽക്കും. അപ്പോൾ പ്രസരണ നഷ്ടം കുറയും. കോടിക്കണക്കിന് രൂപ ലാഭമുണ്ടാകും. ഇപ്പോൾ നടക്കുന്നതുപോലെ വിജിലൻസ് അന്വേഷിച്ചാൽ, എല്ലാപേർക്കും കേസ് അതും ജീവനക്കാർ തന്നെ അങ്ങനെ തുടർന്നാൽ കുഴപ്പമാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ബാലറാം : വൈദ്യുതി ഉൽപ്പാദന വിതരണ മേഖല ഇപ്പോൾ വഴിത്തിരിവിലെത്തിയിരിക്കുകയാണ്. ഒരു വർഷം കഴിയുന്നതോടുകൂടി ഇലക്ട്രിസിറ്റി ബോർഡ് ഇല്ലാതാകുമെന്നാണ് പറയുന്നത്. അങ്ങനെ വരുന്ന സാഹചര്യത്തിൽ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കേണ്ട സാഹചര്യമുണ്ടാകും. ഇങ്ങനെ സ്വകാര്യ കമ്പനികളെ ഏൽപ്പിച്ച ഏതെങ്കിലും സംസ്ഥാനത്തിൽ വൈദ്യുതി പ്രസരണത്തിലുള്ള നഷ്ടം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടോ ; അവിടെയൊക്കെ സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചതിന്റെ ഫലമായിട്ടുണ്ടായിട്ടുള്ള പ്രത്യാഘാതം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കടവൂർ ശിവദാസൻ : ആ ഒരു ആലോചനയുടെ രംഗത്തല്ല ഇപ്പോൾ രാജ്യം നിൽക്കുന്നത്. ഇലക്ട്രിസിറ്റി ബിൽ പാസ്സാകുന്നതിന് മുമ്പ് ഇഷ്ടമുണ്ടെങ്കിൽ കൊടുക്കാതിരിക്കാവുന്ന..... Now this is mandatory, this is the law of the land. After one year, it will be vested. It will have to be vested with some other company. ഇക്കാര്യത്തിൽ ഇതെല്ലാം ഗവൺമെന്റിൽ വെസ്റ്റ് ചെയ്യാം. വെസ്റ്റ് ചെയ്തേ ഒക്കൂ. അതിന് ആരുടേയും സൗജന്യത്തിന്റെ പ്രശ്നമില്ല. വെസ്റ്റ് ചെയ്ത കമ്പനി റീ-വെസ്റ്റ് ചെയ്യണം. അത് മാക്സിമം ചെയ്യുന്നതിന് പൊതുമേഖലയിൽ കമ്പനി ഉണ്ടാക്കി തൊഴിലാളികളെ എല്ലാം രക്ഷപ്പെടുത്താൻ കഴിയുക. സ്വകാര്യ മേഖലയ്ക്ക് കൊടുക്കും. അതുകൊണ്ട് അതൊരു യാഥാർത്ഥ്യമാണ്. അതിനെ എങ്ങനെ പ്രവർത്തിയിലൂടെ, കൃത്യനിർവഹണത്തിലൂടെ സ്വകാര്യ മേഖലയുമായി മൽസരിച്ചു നിൽക്കണമെന്നുള്ള ഇച്ഛാശക്തി സ്റ്റേറ്റിന് ഉണ്ടെങ്കിൽ നിലനിൽക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി

3 (*670) ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണം സ്വകാര്യവൽക്കരിച്ചില്ലെങ്കിലും ആ ഉത്തരവാദിത്വം സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്ന് മാറ്റി മറ്റൊരു പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;